# AFF NEWS LETTER

**(Sponsored by the Alunkal Family Fellowship, Kandanad (Reg. No. ER 184/08)**
**www.alunkal.com**
**(For private circulation among members only)**

**Vol. 7, No. 2** **September 2015**


*Presidential column:*

## FUTURE OF OUR CHILDREN

In earlier days our families used to bequeath landed properties to secure their children's future. Due to shortage of land, labour and uncertain market for agricultural products this practice is on the decline. Therefore, parents now prefer to impart good education to their children, with what ever means at their disposal, so as to enable them to obtain good jobs and professions.

The global scenario of job opportunities is fast changing. Conventional manufacturing sector dominated the world market during the last couple of centuries. However, with significant advances in technology, there has been a perceptible change in the service sector. Now a days every significant activity seems to be related to the information technology sector. This hold true even for conventional professions.

Both parents and their children vie with each other to push themselves into the IT world. At this point of time it is very difficult to predict the future and sustainability of this new found work culture.


It is the duty of each parent to take a careful and holistic approach in guiding their children in a safe and appropriate manner. There is no dearth of educational and placement guides in our midst. However, one has to be careful and cautious in making the appropriate choice. Future of our children should be the top priority for parents. Utmost care should be exercised in this matter.

Dr. A.C. Paul

എഡിറ്റോറിയൽ

മുൻകാലങ്ങളിൽ മാതാപിതാക്കന്മാർ തങ്ങളുടെ മക്കളുടെ ഭാവിസുരക്ഷക്കായി സ്ഥാവര സ്വത്തുക്കൾ വീതംവച്ച് കൊടുക്കുക പതിവായിരുന്നു. എന്നാൽ ഭൂസ്വത്തുക്കളുടെ പരിമിതിയും കാർഷികോത്പന്നങ്ങളുടെ വിലസ്ഥിരത ഇല്ലായ്മയും ഈ സമ്പ്രദായത്തിന്റെ സുരക്ഷയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. തങ്ങളുടെ മക്കൾക്ക് നല്ല ജോലി സാദ്ധ്യതയുള്ള വിദ്യാഭ്യാസം നൽകുവാനാണ് എല്ലാവരും ഇപ്പോൾ ആഗ്രഹിക്കുന്നത്. പരമ്പരാഗത വ്യവസായങ്ങളിൽ അധിഷ്ടിതമായ തൊഴിൽ മേഖലയാണ് കഴിഞ്ഞ നൂറ്റാണ്ടുകളിൽ ഉണ്ടായിരുന്നത്. വിവരസാങ്കേതിക മേഘലയിൽ അടുത്തകാലത്തായി രൂപപ്പെടുന്ന വിപ്ലവകരമായ വളർച്ച ആധുനീകതയുടെ മുഖമുദ്രയായി മാറിക്കഴിഞ്ഞു. ഈ പുത്തൻ സാങ്കേതികതയുടെ കുത്തൊഴുക്കിൽ അറിഞ്ഞും അറിയാതെയും നമ്മുടെ യുവതലമുറ പുളഞ്ഞുകയറിക്കൊണ്ടിരിക്കുകയാണ്. ധാരാളം പുത്തൻ തൊഴിലവസരങ്ങളും ഇതോടെ സംജാതമായിരിക്കുന്നു. ഈയവസരത്തിൽ ഏറ്റവും അനുയോജ്യവും, ആരോഗ്യകരവും, നിലനിൽക്കുന്നതുമായ മേഖലകളെ തിരിച്ചറിയുക എന്നത് ഏറേ ദുഷ്ക്കരമാണ്. ഈ വിഷയത്തിൽ ഉപദേശങ്ങൾ വാഗ്ദാനം ചെയ്യുന്ന ഒട്ടേറേ വ്യക്തികളും സ്ഥാപനങ്ങളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ചിലതെല്ലാം സ്വാർത്ഥ താല്പര്യങ്ങൾ നിഗൂഢമായി ഒളിപ്പിച്ചിരിക്കുന്നു. മാതാപിതാക്കളും കുട്ടികളും ഈ വിഷയത്തിൽ ശരിയായ തീരുമാനങ്ങൾ എടുക്കുമ്പോൾ തങ്ങളുടെ ഉൾവിളിയേയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ദൈവത്തിന് മഹത്വം**
**ദിവംഗതനായ ആലുങ്കൽ**
**വന്ദ്യ അബ്രഹാം ഇട്ടീര കശീശ**
**(1915 – 2015)**
**100–ാം ശ്രാദ്ധം**



ആലുങ്കൽ ഇട്ടീര, അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ മകനായി 1846ൽ ജനിച്ച അബ്രഹാം തന്റെ മാതൃകുടുംബവും പൗരോഹിത്യ പാരമ്പര്യത്തിലുള്ളതുമായ അങ്കമാലി കുറ്റിക്കാട്ടിൽ പൈനാടത്ത് കുടുംബമായതിനാൽ, വളരെ

ചെറുപ്പത്തിൽ തന്നെ വൈദികവൃത്തിയിലാകൃഷ്ടനാകുകയും കണ്ടനാട് വി: മർത്തമറിയം സുറിയാനി പള്ളിയുടെ പൊതുയോഗ തീരുമാനപ്രകാരം, പൗരോഹിത്യസ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെടുകയും, കണ്ടനാട് ഇടവകപള്ളിയിലെ ഇടവകപട്ടക്കാരനായി ശുശ്രൂഷ അനുഷ്ടിക്കുകയും ചെയ്തു. മലങ്കരയിലെ നവീകരണപ്രസ്ഥാനത്തിനെതിരായി പ്രവർത്തിച്ച് സത്യവിശ്വാസം നിലനിർത്തുന്നതിൽ ഉൽസുകനായ വന്ദ്യ അച്ചൻ 1915 ആഗസ്റ്റ് 16-ാം തീയതി കർത്തൃ തിരുസന്നിധിയിലേക്ക് യാത്രയായി. വന്ദ്യ അച്ചന്റെ നൂറാം ശ്രാദ്ധത്തിൽ അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുന്നിൽ ശ്രദ്ധാഞ്ജലികളർപ്പിച്ചുകൊണ്ട് മാതൃ ഇടവകയും കുടുംബാംഗങ്ങളും അന്നേദിവസം വി: കുർബ്ബാനാനന്തരം അഭിവന്ദ്യ മാത്യൂസ് മാർ ഇവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ കബറിടത്തിൽ നടത്തിയ ധൂപ പ്രാർത്ഥനയിൽ ബഹു: വൈദികരും കുടുംബാംഗങ്ങളും ഇടവക ജനങ്ങളും പങ്കെടുത്തു. കുടുംബാംഗങ്ങളുടെ വകയായി ദേവാലയത്തിൽ വന്ന എല്ലാവർക്കും ഭക്ഷണപ്പൊതികളും വിതരണം ചെയ്തു.

ആചാര്യേശാമ്ശിഹാകൂദാശകളർപ്പിച്ചോര്യാചര്യന്മാർക്കേകുക പുണ്യം, നാഥ സ്തോത്രം.

ഏലിയാസ് അബ്രഹാം

**മക്കളെ പ്രതി**

"ഒഴുക്കിൽ അകപ്പെട്ട മകനെ സാഹസ്സികമായി രക്ഷപ്പെടുത്തി കരക്കെത്തിച്ച പിതാവ് കുഴഞ്ഞുവീണു മരിച്ചു"

"അഗ്നിക്കിരയായ പുരയിൽ കയറിയ മാതാവ് കുട്ടിയെ രക്ഷപ്പെടുത്തി സ്വയം ചാമ്പലായി"

ഇത്തരം സംഭവങ്ങൾ നാം ഇടക്കിടെ പത്രങ്ങളിൽ വായിക്കാറുണ്ട്. ഈയിടെ ഒരു ഇംഗ്ലീഷ് ദിനപത്രത്തിൽ വന്ന വാർത്ത ഇപ്രകാരമാണ്. ഫ്രഞ്ചുനിവാസികളായ ദമ്പതികൾ അവരുടെ 10 വയസ്സുപ്രായമായ മകനേയും കൂട്ടി യാത്ര ചെയ്തപ്പോൾ ഒരു മരുഭൂമിയിൽ അകപ്പെട്ടു. കുടിവെള്ളം കിട്ടാത്ത സ്ഥലത്ത് ജീവൻ നിലനിർത്താനായി അവരുടെ കൈവശം ഉണ്ടായിരുന്നത് രണ്ടുചെറിയകുപ്പിവെള്ളം മാത്രമായിരുന്നു. തങ്ങളുടെ പിഞ്ചുമകനുമാത്രമായി ആ വെള്ളം കൊടുത്തുകൊണ്ട് മാതാപിതാക്കൾ മൃത്യുവിന് കീഴടങ്ങി. വളരെക്കഴിഞ്ഞ് ആവഴി വന്ന യാത്രികർ ബോധരഹിതരായിക്കിടക്കുന്ന മാതാപിതാക്കളേയും കുട്ടിയേയും കണ്ടു. അടുത്തുചെന്നു നോക്കിയപ്പോൾ മാതാപിതാക്കൾ മരിച്ച നിലയിലും കുട്ടി അബോധാവസ്തയിലും ആയിരുന്നു. തങ്ങളുടെ മകന്റെ ജീവൻ രക്ഷിക്കാനായി തങ്ങളുടെ കൈവശമുണ്ടായിരുന്ന വെള്ളം മുഴുവനായും അവനുമാത്രം നൽകിക്കൊണ്ട് അവർ സ്വയം മരണം വരിക്കുകയായിരുന്നു. തങ്ങളുടെ ജീവനേക്കാൾ, മനുഷ്യൻ ഉൾപ്പടെ എല്ലാ ജീവജാലങ്ങളിലും അടങ്ങിയിരിക്കുന്ന ഈ ജീവൽ സത്യം മക്കൾ അറിയുന്നുണ്ടോ?

**കുടുംബ ചരിത്രം (തുടർച്ച)**

**കണ്ടനാടിന്റെ കഥ**

**ഡോ. എ. സി. പോൾ**

കൊടുങ്ങല്ലൂരിൽനിന്ന് പ്രവാസികളായി കണ്ടനാട് കുടിയേറിയ നമ്മുടെ കുടുംബത്തിന്റെ സംക്ഷിപ്ത ചരിത്രം കഴിഞ്ഞ മൂന്നു വാല്യങ്ങളായി ന്യൂസ് ലെറ്ററിൽ പ്രസിദ്ധികരിച്ചിരുന്നതാണല്ലോ. കണ്ടനാടിന്റെ ചരിത്രവും ഈ പശ്ചാത്തലത്തിൽ പ്രസക്തമാകുന്നു. നമ്മുടെ വെബ്സൈറ്റിൽ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസ്തുത വിവരം ഈ വസ്തുതകൾ ഇവിടെ വിവരിക്കുന്നു.

കേരളത്തിലെ സുറിയാനികൃസ്ത്യാനികളുമായി ബന്ധപ്പെട്ടുകിടക്കുന്ന ചരിത്രമാണ് കണ്ടനാടിന്റേത്. കൃസ്തുവർഷം 775ൽ സുറിയാനി കൃസ്ത്യാനികളുടെ ഒരു ദേവാലയം ഇവിടെ ഉണ്ടായിരുന്നതായി ചരിത്രമുണ്ട്. പള്ളിമല എന്ന സ്ഥലത്ത് (ഇപ്പോഴുള്ള വലിയ പള്ളിയിൽനിന്നും ഏകദേശം ഒരു കിലോമീറ്റർ വടക്കുമാറി) ആ ദേവാലയം സ്ഥിതിചെയ്തിരുന്നു. നാട്ടുകാരായ സുറിയാനി കൃസ്ത്യാനി സമൂഹവും എഡ്ലേസ (ഉറഹ) എന്ന സ്ഥലത്തുനിന്നും വാണിജ്യാവശ്യത്തിനായി കണ്ടനാട് വന്നു താമസിച്ചിരുന്ന സുറിയാനി കൃസ്ത്യാനികളും ചേർന്ന് നിർമ്മിച്ച് ആരാധനകൾ നടത്തിക്കൊണ്ടിരുന്ന ഒരു ദേവാലയമാണ്

പള്ളിമലയിൽ സ്ഥാപിതമായിരുന്നത്. കണ്ടനാട് പുഴയുടെ ഒരു ഉപശാഖയായ പള്ളിത്തോട് ഈ പള്ളിമലയുടെ അരുകിലൂടെ ഒഴുകുന്നുണ്ട്. പള്ളിമല ഒരു വാണിജ്യകേന്ദ്രമായും പള്ളിത്തോട് അവിടേയ്ക്കുനയിക്കുന്ന ഒരു ജലമാർഗ്ഗവുമായിരുന്നു. 1371ൽ പെരിയാർ നദിയിൽ വലിയ വെള്ളപ്പൊക്കമുണ്ടായപ്പോൾ കൊടുങ്ങല്ലൂർ തുറമുഖം ഭാഗികമായി നശിച്ചതോടെ അവിടത്തെ കച്ചവട സമൂഹം കണ്ടനാടുള്ള ഈ പ്രദേശത്തെ ആശ്രയിച്ചു എന്നാണ് കണക്കാക്കപ്പെടുന്നത്.

പതിനഞ്ചാം നൂറ്റാണ്ടിലെ പോർച്ചുഗീസുകാരുടെ വരവ് തദ്ദേശീയരായ സുറിയാനി കൃസ്ത്യാനികളെ വിഷമവൃത്തത്തിലാക്കി. ലത്തീൻ ആരാധനാക്രമം അടിച്ചേൽപ്പിക്കുവാനുള്ള അവരുടെ ശ്രമം പല സംഘർഷങ്ങൾക്കും കളമൊരുക്കി. അന്നത്തെ നാട്ടുരാജാക്കൻമാരുടെ പിൻതുണ ലഭിച്ച പോർച്ചുഗീസുകാർ സുറിയാനി കൃസ്ത്യാനികളുടെ നിലനിൽപ്പിനെ വിഷമത്തിലാക്കി."ചെറിയ ഉദയംപേരൂർ" എന്നറിയപ്പെട്ടിരുന്ന പള്ളിമല പോർച്ചുഗീസുകാർ കയ്യേറുകയും അവിടെ സൂക്ഷിച്ചിരുന്ന അമൂല്യങ്ങളായ രേഖകളും, പുസ്തകങ്ങളും നശിപ്പിക്കുകയും ചെയ്തു. 1599ലെ ഉദയംപേരൂർ സുന്നഹദോസ്സിന് ശേഷമാണ് ഈ ദാരുണ സംഭവങ്ങൾ അരങ്ങേറിയത്. 1660 – 63 കാലഘട്ടത്തിൽ പോച്ചുഗീസുകാർ പള്ളിത്തോട്ടിൽ ഉപരോധം ഏർപ്പെടുത്തുകയും അവിടെ കച്ചവടം ചെയ്തിരുന്ന സുറിയാനികൃസ്ത്യാനികളെ വിരട്ടി ഓടിയ്ക്കുകയും ചെയ്തു. പള്ളിയിൽ വി: കൂദാശകൾ ഇതുമൂലം തടസ്സപ്പെട്ടു. 1666വരെ ഈ ഉപരോധം നിലനിന്നു. ഈ അവസരത്തിലാണ് പ: അബ്ദുൾ ജലീൽ ബാവയുടെയും ഒന്നാം മാർത്തോമ്മയുടെയും നേതൃത്വത്തിൽ ഇപ്പോഴത്തെ കണ്ടനാട് അങ്ങാടിയിലേക്ക് പള്ളി മാറ്റിസ്ഥാപിച്ചത്. 'നടുകുരിശ്' എന്ന് ഇപ്പോൾ അറിയപ്പെടുന്ന ഈ സ്ഥലത്ത് വി. ദേവാലയം 1672ൽ പുന: സ്ഥാപിക്കപ്പെട്ടു. പള്ളിയുടെ പരിസരത്തായി ആൾക്കാർ തിങ്ങിതാമസിക്കുകയും അവിടം ഒരു കച്ചവടകേന്ദ്രമായി രൂപാന്തരപ്പെടുകയും ചെയ്തു. പോർച്ചുഗീസുകാരെ തുരത്തി ഡച്ചുകാർ വ്യാപാര നിയന്ത്രണം ഏറ്റെടുത്ത കാലമായിരുന്നു അത്. കണ്ടനാടിന്റെ സുവർണ്ണകാലമായി ഇത് വിശേഷിപ്പിക്കപ്പെടുന്നു.

1751ൽ പ: ശക്രുള്ളബാവയുടെ ആഗമനത്തോടെ കണ്ടനാടിന്റെ പ്രസക്തി വർദ്ധിച്ചു. നാലാം മാർത്തോമ്മ മെത്രാപ്പോലിത്തായുടെ ആസ്ഥാനമായ കണ്ടനാട് മലങ്കരസഭയുടെതന്നെ പ്രധാനകേന്ദ്രമായിത്തീർന്നു.

നമ്മുടെ പിതാമഹൻമാർ ഈ കാലഘട്ടത്തിലാണ് കണ്ടനാട് വന്നുചേർന്നത് എന്ന വസ്തുത നമുക്ക് ഏറെ അഭിമാനിക്കാൻ വക നൽകുന്നു. നമ്മുടെ തിരുമേനിയും ഫെല്ലോഷിപ്പിന്റെ രക്ഷാധികാരിയുമായ അഭിവന്ദ്യ മോർ ഇവാനിയോസ് തിരുമേനി പ: ശക്രുള്ള മോർ ബസ്സേലിയോസ്സ് സമുച്ചയം ഈ സ്ഥലത്ത് സ്ഥാപിച്ചത് ഒരു ചരിത്ര നിയോഗമായി കണക്കാക്കേണ്ടിയിരിക്കുന്നു.

**പുതിയ പേട്രൺ മെംമ്പേഴ്സ്**

നമ്മുടെ സംഘടനയുടെ പുതിയ പേട്രൺ മെംമ്പേഴ്സായി ശ്രീ അവിരാ വർഗ്ഗീസ്, ശ്രീ ഏ.ഏ. അബ്രഹാം എന്നിവർ 4000/-ക വീതം വരിസംഖ്യ അടച്ച് ചേർന്നിരിക്കുന്നതായി സന്തോഷസമേതം അറിയിക്കുന്നു. പുതിയ പ്രേട്രൺ മെംമ്പേഴ്സിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

## AFF DIARY

**1. New Arrival**

A son was born to Roshni – Aneesh couple in July 31, 2014.

സഞ്ജു – റ്റിമി ദമ്പതികൾക്ക് 2.6.2015ൽ ഒരു പെൺകുഞ്ഞ് ജനിച്ചു

ഷിജോ – ഗീതു ദമ്പതികൾക്ക് 25.6.2015ൽ ഒരു ആൺകുട്ടി ജനിച്ചു

അനൂബ് – ഡോ. ഐസിലി ദമ്പതികൾക്ക് 16.8.2015ൽ ഒരു പെൺകുഞ്ഞ് ജനിച്ചു

AFF wishes all good health to the new borns.

2. **Congratulations**

Shri. Vinoy Thomas was adjudged on the best performer of the year (2014) by the Life Insurance Corporation of India.

### 3. ഉന്നതവിജയങ്ങൾ

**Plus 2**

1. സാജു–സോമി ദമ്പതികളുടെ മകൾ അമ്മു സാജു 85% മാർക്കുവാങ്ങി വിജയിച്ചു
2. സുനിൽ–ഷേമ ദമ്പതികളുടെ മകൾ സാറാ സുനിൽ 78% മാർക്ക്വാങ്ങി വിജയിച്ചു
3. ഹാരിസ്–ഷൈനി ദമ്പതികളുടെ മകൻ ജോർട്ടിൻ ഹാരിസ് 83% മാർക്കുവാങ്ങി വിജയിച്ചു
4. ഷാജി–മിനു ദമ്പതികളുടെ മകൾ സിയോണ ഷാജി 74% മാർക്കുവാങ്ങി വിജയിച്ചു

**CBSE (10)**

ഷാജി–സുജ ദമ്പതികളുടെ മകൻ അഹിൽ മാത്യു ഷാജി 74% മാർക്കുവാങ്ങി വിജയിച്ചു.

എല്ലാവർക്കും AFFൻെറഭാവുകങ്ങൾ

### 4. കുടുംബ സംഗമം 2015

**കായിക മത്സര വിജയികൾ**

(a) മിഠായിപെറുക്കൽ (കുട്ടികൾ)
നൈന ജോബ്സി, നിയ റെജി

(b) സ്പൂൺ റേസ് (കുട്ടികൾ)
ജോൺ റെജി, നൈന ജോബ്സി, മേഘ്ന ജോബ്സി, ഏഞ്ചൽമരിയ

(c) സ്പൂൺറേസ് (മുതിർന്നവർ)
ജീന രെഞ്ചു, ബിനി പ്രിൻസ്, ഷേർലി പയസ്, ലളിത ചാക്കോ, അമ്മിണി അബ്രഹാം, ശോശാമ്മ മത്തായി, സാറാമ്മ ജോർജ്ജ്

(d) മ്യൂസിക്കൽ ചെയർ (കുട്ടികൾ)
ജോൺ റെജി, നിയ റെജി, അനി സാജു, രെഹൻ രെഞ്ചു

(e) മ്യൂസിക്കൽ ചെയർ (മുതിർന്നവർ)
ദീപ്തി ജിജോ, സോനാ എൽദോ, ഷൈനി ഹാരിസ്, ശാന്ത ഫിലിപ്പോസ്, സാബു ജോൺ, ഡോ. സുരേഷ് മാത്യു

### 5. കലാപരിപാടികളിൽ പങ്കെടുത്തവർ

(a) ഡാൻസ് :– അനുസാജു, അലിൻഡ സാജു, അൻസു സാബു, നൈന ജോബ്സി

(b) സോളോ സോംഗ്സ് : നേഹ രെഞ്ചു, ഏഞ്ചൽ ജിജോ, ആഷ മോഹൻ, അജിഷ മോഹൻ, ഷീബ ഷാജി, മേഘ്ന ജോബ്സി, നൈന ജോബ്സി, എബൻ സാബു, മേരി സാബു, എ. എം. യോഹന്നാൻ, സിയോണ ഷാജി, സാജു ജോൺ, ഷാജി മത്തായി.

സംഘഗാനം – ഏഞ്ചൽ ജിജോ, ആൽബിൻ റെജി, ജോൺ റെജി, അനുസാജു & അലിൻഡ സാജു, ജെറി, അലെൻ & സോളമൻ.

### 6. Endowments and Prizes

(a) Re. Father A.V. Abraham Memorial Educational Endowment- അർഹത നേടിയവർ

Ram Madhavan, Adeena Justin, Sibin Varghese } JBS Kandanad

Laijesh C.L., Athira K.S. } St. Mary's HS Kandanad

(b) Sri. A.M. Thomas Memorial Cash Award and Shield

N.V. Priya, Govt. H.S. Thiruvankulam (SSLC Topper)

കുടുംബാംഗങ്ങളുടെ കുട്ടികളായ താഴെ പറയുന്നവർ 2014ലെ സമ്മാനത്തിന് അർഹരായി.

Special Merit Award – Nomisha Alby Kurian (Cambridge University)
Eldho Prince – Plus 2
Leslin Simon – Plus 2
Harsha Suresh – CBSE

Notes:-

a. Educational Endowmentകൾ ഏർപ്പെടുത്തിയിരിക്കുന്നത് ശ്രീമതി സഫീറ അബ്രഹാം, ശ്രീ. എ.എ. അവിര, ശ്രീമതി സാറാമ്മ വർഗീസ്, ശ്രീ എ.ഐ. കുര്യൻ, ശ്രീമതി സാറാമ്മ കുര്യൻ എന്നിവരുടെ പാവനസ്മരണയിൽ കുടുംബാംഗങ്ങൾ ഏർപ്പെടുത്തിയിരുക്കുന്നതാണ്.

b. ചികിത്സാസഹായധനം ഏർപ്പെടുത്തിയിരിക്കുന്നത് ശ്രീമതി ലൗലിപോൾ, ശ്രീ എ. വി. മത്തായി, എന്നിവരുടെ പേരിൽ കുടുംബാംഗങ്ങളാണ്.

ഈ വർഷത്തെ ചികിത്സാധന സഹായത്തിന് അർഹതനേടിയത് ശ്രീ എ. എം. യോഹന്നാൻ, ആലുങ്കൽ, കണ്ടനാട്.

### 7. 2015ലെ പ്രവർത്തക സമിതി

പൊതുയോഗത്തിൽ ശ്രീ ജെയിംസ് തോമസ്സ് വരണാധികാരിയായി നടത്തപ്പെട്ട ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ 2014ലെ പ്രവർത്തക സമിതിയെ 2015ലെ പ്രവർത്തനവർഷവും നിലനിർത്തിക്കൊണ്ട് ഐകകണ്ഠ്യേന തീരുമാനമായി. ശ്രീമതി ഷീബാ സജിയെ പുതിയതായി പ്രവർത്തകസമിതിയിലേക്ക് ചേർക്കുകയും ചെയ്തു.

**ജോലിയിൽനിന്നു വിരമിച്ചു**

കാട്ടേഴത്ത് ദീനാമ്മ മോഹൻദാസ് യൂക്കോ ബാങ്ക് വില്ലിംഗ്ടൺ ഐലന്റ് ശാഖയിൽ നിന്നും 38 വർഷത്തെ സേവനത്തിനുശേഷം 31.08.2015ൽ വിരമിച്ചു.